RAINBOW
SMCM NEWSLETTER



**EDITORIAL BOARD**

- Fr Joy Thottamkara C.Ss.R
- Mr. Shibu Mathew (Chief Editor)
- Mr. Raji Chacko
- Mrs. Teena Thomas
- Website Manager: Joby Cyriac

CONTENTS

- Editorial
- Messages
- Articles
- Family Column
- Community News
- Events
- Bible Quiz

# Editorial

Vol .5 Date: 08/09/13



ഒരു ശിശിരകാലം കൂടി വിടപറയുവാൻ തയ്യാറാവുന്നു.

പുലർകാലശൈത്യത്തിന്റെ ബാഷ്പപടലങ്ങൾക്കു തീക്ഷ്ണത കുറഞ്ഞുതുടങ്ങിയിരിക്കുന്നു. ഉദയസൂര്യന്റെ പൊൻകിരണങ്ങൾ ജനലഴികളിലൂടെ കൈനീട്ടി നിറുകയിൽ തലോടി ഉറക്കത്തിന്റെ ആലസ്യത്തിൽനിന്നും വിളിച്ചുണർത്തുന്നു. പ്രഭാതത്തിൽ അവശേഷിക്കുന്ന നനുത്ത ഹിമകണങ്ങളിൽ കതിരോന്റെ നേർത്തകിരണങ്ങൾ പതിഞ്ഞു അങ്ങകലെ ആകാശവീഥിയിൽ വീണ്ടും ഒരു മാരിവില്ലു പ്രത്യക്ഷമായിരിക്കുന്നു. നമ്മെ ഒരു പുതുവസന്തത്തിലേക്കുനയിക്കുവാൻ നമ്മുടെ 'റെയിൻബോ' വീണ്ടും ആഗതമായിരിക്കുന്നു.

റെയിൻബോയുടെ ഈ ലക്കം നമ്മുടെ സഭയുടെ അമ്മയായ പരിശുദ്ധമാതാവിനു സമർപ്പിക്കുകയാണ്. ഇപ്പോൾ നാം മാതാവിന്റെ പിറവിതിരുനാൾ ആഘോഷിക്കുന്ന സമയമാണ്. ഈശോയ്ക്കു ഏറ്റവും പ്രിയപ്പെട്ടവളാണ് പരിശുദ്ധഅമ്മ. അമ്മയുടെ മധ്യസ്ഥതയിലൂടെ എത്തുന്ന ഏതു അപേക്ഷയും പ്രാർത്ഥനയും ഈശോയുടെ തിരുമുമ്പിൽ തീർച്ചയായും എത്തുകയും പ്രത്യേകമായ അനുഗ്രഹങ്ങൾക്കു കാരണഭൂതമാവുകയും ചെയ്യും. സ്വർഗ്ഗത്തിൽ നമുക്കുവേണ്ടി പ്രാർത്ഥിക്കുവാനും അപേക്ഷിക്കുവാനും സദാസന്നദ്ധയായി ഈശോയുടെ ചാരത്തുള്ള നമ്മുടെ അമ്മയാണ് പരിശുദ്ധമറിയം. നാം എന്തു ബുദ്ധിമുട്ടുള്ള കാര്യവും, സാധിക്കുന്നതിനായി ആദ്യം നമ്മുടെ അമ്മയുടെ പക്കലാണ് എത്തുന്നത്. നമ്മുടെ ആവശ്യങ്ങൾ ക്ഷമയോടെ ശ്രവിച്ചു അതു വേണ്ടരീതിയിൽ അവതരിപ്പിച്ചു നമുക്കായി നമ്മുടെ അമ്മ നേടിതരും എന്നു നമുക്കുറപ്പുണ്ട്. നമ്മുടെ ഓരോരുത്തരുടെയും കുടുംബങ്ങളിൽ അമ്മ നമുക്കുവേണ്ടി ചെയ്ത സഹനങ്ങളും ത്യാഗങ്ങളും ഈ അവസരത്തിൽ നാം സ്മരിക്കുകയും നമ്മുടെ അമ്മയ്ക്കായി പരിശുദ്ധമാതാവിനോടു പ്രാർത്ഥിക്കുകയും ചെയ്യാം. പരിശുദ്ധഅമ്മയുടെ പ്രതിനിധിയാണ് നമ്മുടെ അമ്മ. ഏതു ദുഃഖത്തിലും, ദുരിതത്തിലും, പ്രതിസന്ധിയിലും നമുക്കു കരുത്തും, കരുതലും, കാവലുമായി നിന്നതു നമ്മുടെ അമ്മയാണ്.

അമ്മ എന്ന പദം ഒരു വ്യക്തി അയാളുടെ ജീവിതത്തിൽ ഏറ്റവും കൂടുതൽ ഉച്ചരിക്കുന്ന രണ്ടക്ഷരമാണ്. ഏതു ദുഃഖത്തിലും, സന്തോഷത്തിലും, പ്രതിസന്ധിയിലും, അപകടവേളയിലും നാം അറിയാതെതന്നെ നമ്മുടെ നാവിൽ ഉയരുന്ന രണ്ടക്ഷരമാണ് 'അമ്മ'. ആ വാക്ക് അത്ര ശക്തിയേറിയതാണ്, അത്ര സംരക്ഷണമാണ്. എത്ര പ്രായമായെങ്കിലും നാം അമ്മയുടെ ചൂണ്ടുവിരലിന്റെ പിടിയിൽ സുരക്ഷിതമാണെന്ന ഒരു ബോധ്യം- അതാണ് നാം അറിയാതെതന്നെ 'അമ്മ' എന്ന വാക്ക് നമ്മുടെ നാവിൽ ഓടിയെത്തുന്നത്. അമ്മയുടെ മഹത്വം മനസ്സിലാക്കുവാനുള്ള അവസരമാണ് നമ്മുടെ പരിശുദ്ധമാതാവിന്റെ പിറവിതിരുനാൾ ആഘോഷിക്കുന്ന ഈ വേള. ഇന്നു വിവരസാങ്കേതികവിദ്യ വളരെ വികസിച്ചിരിക്കുന്നു. രാജ്യങ്ങൾ തമ്മിലുള്ള ദൂരം വളരെ കുറഞ്ഞിരിക്കുന്നു. എല്ലാം ഞൊടിയിടയിൽ സാധ്യമാകുന്നു. പക്ഷേ യാഥാർത്ഥ്യത്തിൽ ഉറ്റവരും ഉടയവരുമായുള്ള നമ്മുടെ അകലം കൂടിക്കൊണ്ടിരിക്കുകയാണ് ഈ കാലഘട്ടത്തിൽ. നമ്മെ സ്നേഹിക്കുന്നവർക്കും നമ്മുടെ പ്രിയപ്പെട്ടവർക്കും നൽകാൻ നമുക്കു സമയം ലഭിക്കുന്നില്ല. നമുക്കുവേണ്ടി തന്റെ ചെറിയ സുഖങ്ങൾ പോലും ത്യജിച്ചു നമ്മുടെ ഒരു ശബ്ദത്തിനായി കാത്തിരിക്കുന്ന നമ്മുടെ അമ്മയേയും, ഉറ്റവരേയും നമുക്കു ഈ വേളയിൽ ഓർമ്മിക്കാം. വേഗതയേറിയ ഈ ജീവിതപ്രയാണത്തിൽ അവരെ മറക്കാതെ, അവർക്കു സാന്ത്വനമേകി-ഈ ജീവിതവഴിയിൽ നമുക്കു മുൻപോട്ടുപോകാം. അതിനു പരിശുദ്ധഅമ്മയുടെ അനുഗ്രഹം നമുക്കോരോരുത്തർക്കും ഉണ്ടാവട്ടെ എന്ന പ്രാർത്ഥനയോടെ ഈ ലക്കം റെയിൻബോ നിങ്ങൾക്കായി സമർപ്പിക്കുന്നു.

ഷിബു മാത്യു



**Mary: A Life of Humility**

What is humility? It is an honest, truthful opinion of oneself. Whatever we are or have, we owe to God… Mary was a simple village girl from Nazareth; outwardly looking there was nothing extra-ordinary about her. Then what made her extra-ordinary?. Her faith and complete trust in God; her surrendering herself to the will of God and her great humility before God. Mary's greatness lies in her believing that the promise that the Lord made to her would be fulfilled; "You will conceive… & bear a son", she believed the promise of God. What awaited Mary, awaits all of us. All we have to do is to believe and trust in God as Mary trusted. In families, there must be mutual love & respect between husband & wife & between children & parents. All this requires great humility like our Bl. Mother.

In our lives, if we call on our Mother, she is there to protect us; in our moments of anxiety, sickness or tragedy or death of a loved one, she is there. We are *Pravasis* here. Our Mother, who fled to Egypt to save her son, knows the troubles of a *Pravasi* family. There could be visa problems or job problems, marital problems, disobedient daughter or son, whatever it may be, Our Mother is there to protect us. If we turn to her from the valley of tears, she is there to help us. Turn to her & experience her protection. Let our Blessed Mother intercede for us.

**Holy Mary Mother of God, pray for us sinners now & at the hour of our death ! AMEN**

**Fr. Joy Thottamkara CSsR**

**Mary, Mother of God, Mother of us all**

The church documents have told us that the "home is the little church". As we are all created in the image of God , so, we are always in need of a mother, His mother. The presence of God is manifested not only in the times we, as a community are in church, but also in "the little church" In our spiritual journey through life, we should stay close to those, who were closest to Jesus the son of God. Mary, is one who will keep us close to Her Son. In our daily life Mary the mother of God is our Mother. Mary the Mother of God was closest to Jesus, in His life . She gave her life to her Son, may she keep us close to Him, who gave His life for us all.

**Br Kevin GibbCSsR**



“ഹൃദയം സ്നേഹത്തിന്റെ ഇരിപ്പിടമാണ്. നന്മയുടെ പ്രതീകമാണ്. നല്ല ഹൃദയമുള്ള വ്യക്തിക്കു മറ്റുള്ളവരെ മനസ്സിലാക്കാനും സ്നേഹിക്കാനും കഴിയും. നല്ല ഹൃദയത്തിൽനിന്ന് നല്ല വാക്കുകളും, നല്ല പ്രവൃത്തികളും പുറപ്പെടും. ഇന്ന് നല്ല ഹൃദയമുള്ളവരുടെ എണ്ണം കുറഞ്ഞുവരുന്നു. ഈശോ പറയുന്നു: ഹൃദയത്തിന്റെ തികവിൽനിന്നു അധരങ്ങൾ സംസാരിക്കുന്നു. അപരന്റെ വേദനകൾ അറിയാനും അവനെ സഹായിക്കാനും മടികാണിക്കുന്ന ഇന്നത്തെ സമൂഹത്തിൽ നല്ല ഒരു ഹൃദയത്തിന് ഉടമയാവുക എന്നത് ഒരു വെല്ലുവിളിയാണ്. തിരുഹൃദയനാഥനെ മാതൃകയാക്കി എന്റെ ഹൃദയം ഈശോയുടെ തിരുഹൃദയംപോലെ മാതാവിന്റെ വിമലഹൃദയംപോലെ ആയിത്തീരാൻ പ്രാർത്ഥിക്കാം. ക്ഷമിക്കുന്ന, സ്നേഹിക്കുന്ന, സഹിക്കുന്ന, കരുണകാണിക്കുന്ന, നന്മ ചെയ്യുന്ന ഒരു ഹൃദയം എനിക്കുവേണം എന്ന് ദാഹിക്കാം. ഇതായിരിക്കട്ടെ നമ്മുടെ പ്രാർത്ഥന: ഹൃദയശാന്തതയും എളിമയുമുള്ള ഈശോ എന്റെ ഹൃദയം അങ്ങയുടെ ദിവ്യഹൃദയത്തിന് ഒത്തതാക്കിയരുളണമേ.

**പ്രാർത്ഥനാശംസകളോടെ ജോബിനച്ചൻ**

# Congratulations! Bishop Peter Hugh Brown CSsR



**Let his praise be sung from the remotest parts of the earth: Isaiah 42:10**








**New Zealand Redemptorist, Fr. Peter Hugh Brown, has been ordained Bishop of the Diocese of Samoa - Pago Pago, in American Samoa, by His Excellency the Apostolic Nuncio of New Zealand and the Pacific, Archbishop Martin Krebs on August 22, 2013, the Feast of the Queenship of the Blessed Virgin Mary**. He succeeds Bishop John Quinn Weitzel.

Peter Hugh Brown was born on 8th November, 1947 in Greymouth, New Zealand as the youngest child of William and Mary Brown. He completed his primary and secondary education with the Marist Brothers, Greymouth. He entered the regular work-force before he began religious formation. Bishop Brown professed first vows as a Redemptorist on February 16, 1969. He studied for the priesthood at Yarra Theological Union in Melbourne, Australia and was ordained priest on 19 December, 1981.

Bishop Brown was one of the first Redemptorists to arrive in Samoa in 1972 which was then one of the Rdemptorist mission areas under the Redemptorist region of New Zealand. He served as a missionary and as a parish priest of Our Lady of the Sea church in Safotu Savaii, Samoa before returning to New Zealand where he was appointed chaplain to the 27 Samoan communities that were part of the wider Samoan Catholic Community spread across Auckland. He was later appointed parish priest of St. Peter Chanel in Clover Park, South Auckland and went on to become the Redemptorists' regional superior, New Zealand; a post he held for many years until ordained as the Bishop of American Samoa.

**Bishop Brown has been highly supportive and instrumental in the establishment and growth of the Syro Malabar Catholic Mission in New Zealand.**

**Our very best wishes and prayers to Bishop Brown!**



BE GRATEFUL

*Give thanks to God in all circumstances, for this is the will of God in Jesus Christ for us: Thessalonians: 5:18*

Are we grateful for our family? Are we grateful for our friends?, for our house; for our eyes, nose, mouth, hands, legs and all the skills and abilities that the Almighty has given us? Are we grateful for our toys, the books, the I-pods, the I-pads and all that... Are we grateful for the gift of life that the Almighty gave us… well, my dear friends, God wants us to be!

Sometimes we neglect all the things we have and just complain for more. This is greed. Greed leads us to evil. We want MORE AND MORE AND MORE! But my dear friends have we thought of all those children begging and crying for a meal? Have we ever thought about all those who die of starvation? Have we ever felt their pain? There are more than toys and games in this world; the other side of the world, a world of hunger, famine, sickness, diseases, and a world of orphans with no one to love and care for them… They too are children of god. Why did god make us special?

Are we grateful for the clean water around us? Do we even think about that? Because there are families dying of lack of clean water. Sometimes, we ask the Lord "why have you left them poor, why not give them a family to love, a school to learn, friends to encourage, a roof under their head and food on the table" and the Almighty answers, " I have", I created you to be a blessing to these people. They need your help, they do not know me; you go and proclaim my word to them. Speak to them in the language of love and let your true colors shine. God wants each and every one of us to be grateful for everything we have and to help those who are around us.

**Dear friends, let us all be grateful and thank the Almighty for giving a chance to help those in need. There may not be an earthly prize for our good deeds but there is definitely a heavenly prize!**

**Liya Jose**
**Year 8**






Let the parades of God march down the streets

Let the news reach everyone. The Lord has risen indeed!

Halleluiah! Let us praise Him, he is truly the saviour

He was holy from the start for he never cursed the dark

He gathered people and taught them about the Almighty Father.

The Pharisees watched Him closely. Trying to find the fault

But we all know there is no fault in the Son of God

Jesus knew what was to happen to Him, He knew the plan

God strengthen Him so He could fulfil the scriptures

Judas chose wealth over God but realised his mistake all too late

Innocent Jesus was tortured and nailed to the cross.

People from everywhere wept for the Lamb of God

They took down his precious body and placed it in a tomb

The Pharisees thinking the disciples will take Jesus, placed two guards

After three days an angel from heaven blinded the guards and rolled away the stone

Jesus rose into heaven and was seated at the Father's right hand

Jesus' spirit lived on in the believers and is watching us carefully now

We receive His body and blood through bread and wine

The lord has truly risen, let us rejoice and celebrate

And continue to believe in the one and only God.

Jenice Sunny Kuzhikombil

Year 7

A distant sound disrupted my dream of a place. It was beautiful in all its aspects; a place far away from my home in this world. A place where children sing together, play together, eat together, and talk together, and there is nothing that can separate them. A place where everything and everyone is equal, and where everyone appreciates each other's talents. This was a dream that I had all the time- but I knew it could never be true. It was just a dream.



I heard the sound again, a bit louder this time. As my brain began to become aware of my senses, I tried to locate where the sound was coming from. I should have known. I picked up my mobile phone and whispered into it, "Hu-hello." My voice gave away the fear in me.

**"Oi Red, why are you awake so early? I bet your brain hurts! It's a beautiful day today, isn't it! See ya at school," said a deep, almost sinister voice. It was him.**

"Ok," I tried to say, but my mouth let out a squeak instead. I could hear laughing from the other side. I fumbled around with my fingers and pressed the 'end call' button. I stared at the blank screen of my phone. I knew there was nothing I could do.

The bright red light of my digital clock read 4:20 am. My eyes filled with tears, but I was used to early morning calls from him. I lay awake, because even sleep had abandoned me.

When the time came for me to leave for school, my mind told me to stay in bed, but I knew that no excuse would cut it. I had already acted sick before, with a fever, and had even tried acting as if I had chicken pox, but I always ended up going to the 'educational facility.' I put on my school uniform, and saw an old hat at the corner of my wardrobe. I picked it up and put it on. At least it was something.

I left home and started walking to school, being careful not to make eye contact with any fellow students. That, like always, wasn't possible. While walking, alone and away from everyone else, a boy behind me shouted, **"Nice hat, grandma Red!"** The people near him turned to look at me and started laughing. I started to run, acting as if I didn't hear anything. Don't run away, grandma!" another boy shouted. But I kept running. I ran the rest of the way. I didn't stop until I was inside the school toilets, the door locked, and my head in my hands. I sat there in the silence, thinking what I had done to deserve all this.

Suddenly, the silence was shattered by a loud banging on the door. "

"You punk, get out here so that I can beat the heck out of you!" someone shouted. I closed my eyes and imagined myself in an orb, separate from the world. I knew who was outside; it was a close friend of his. The banging increased intensely, and I came out slowly. **"Gimme your lunch, or you'll find yourself in hospital, Reddy,"** he said. I took out my lunch – a muesli bar, a banana and an apple. He snatched the muesli bar and the apple, and threw the banana into the closest toilet.

"You better bring something better tomorrow, Red," he said, before storming out of the toilet. His name was Julian. Ever since he had first laid his eyes on me, he had a grudge against me. I had lost count of the number of times he had beaten me up, but he was not even half as bad as him.

The bell rang for the start of the day and I went to class. The first period of the day was art, and as I took a seat at the back corner of the class, our teacher, Miss Emma, looked at me with pity.

**"Are you alright, Scott?"** she asked me. "I'm fine thank you," I replied. "How is school going?" she asked. "It's okay, I guess," I replied, but I could see the other kids sneering.

Miss Emma was the only person in the school to call me by my real name. All the other teachers called me "**Red".** Despite how friendly she was, I hated Art just as much as the other subjects. "There is a new assignment for all of you," she said. "The topic is for you to choose, just make it good. I will give you the equipment, but……" I didn't care or pay any attention to what was said after that. I just kept thinking. Why was I so different? What was wrong with me? I just didn't know.

When the bell rang for break, I saw him and a group of people come towards me. His face told me that he was looking for trouble. **"Oi Red, I heard that school was apparently going 'okay' for you**," he said. "Yes," I replied, with the bravest sound I could muster. I sounded like a little girl. "Well I guess I ain't doing my job very well", he said. "That is, to make your life miserable!" Saying this, he grabbed my collar and lifted me up. He gave a mighty punch to my abdomen, and it felt as if my heart had stopped. The people around him stood there, laughing at my pain. The little dignity I had was gone. I lay on the floor, pain burning my insides. I knew his name, but I never used it. I did not want to be like him. The day came to an end, and as I lay on my bed at night I cried. I cried because of him, because of my lost dignity, because of my ruined life, but mostly because of my hair. **I cried because I was upset at why God would make my hair red and why he would allow this to happen**. I cried because they all hated me based not on my personality, but on the colour of my hair. I cried because I was different. I cried until I realised that crying would not make me feel any better. I felt ashamed of my cowardliness as I closed my eyes, trying to go to sleep.



The next day, I sat at the corner of the room again, staring at the blank piece of paper that Miss Emma had given me. She came to me and told me to draw. She told me to draw anything. It could be a chair, or a desk, or in fact any object. Even drawing something of my feelings would be fine. I looked at the piece of paper one last time and sketched what was in my heart. I drew anything that came to mind. Every now and then a person would make a comment about me, but this only helped me to keep going. I kept drawing. I thought about what to draw and drew about everything that was happening to me. I drew about him, a punch, a drop of tear, and anything that I could think of. But mostly, I drew myself and my hair. **I put my finished piece on Miss Emma's desk, and went out when the bell rang.**

From then on, I tried to avoid *him,* but this was hard as *he* seemed to be always looking for me. Every day, I made sure to wear a hat, so my hair wouldn't be seen. Many weeks passed, but no one stopped mocking me or laughing at me. My life was on the verge of collapse. Many times I wondered if death would be better. I almost tried to end my life, but something stopped me. It was my heart that kept my whole self together, giving me the courage I needed. I wouldn't give up. I remembered the old saying, that every cloud has a silver lining.

That silver lining came one day, a day which I can never forget.

At assembly, the headmaster called out a name; my name.

"Scott Parlor, can you please come up to the front," he said.

I stood where I was, wondering what humiliation awaited me, and saw everyone looking at me and sneering. I still had my hat on as I came to the front of the assembly, and there, to my surprise, smiling, stood Miss Emma. I felt angry, because the one person, who I thought was friendly, had betrayed me and was secretly smiling because she enjoyed me being humiliated. I kept walking nevertheless, and the headmaster said,

"Congratulations, Scott." I stood there, wondering what kind of sick joke he was playing on me. Then Miss Emma said to me, "I entered the artwork, which you made, into a national competition, because I saw that it was so terrific." She turned to face the school and said, "Can we have a round of applause for Scott!" As expected, no one clapped for me.

"Believe it or not," she said, "Scott won the competition! His prize is ten thousand dollars, and he will be given a professional art kit." I still didn't believe, until she handed me a trophy that was almost as big as me! As I observed my prize more closely, I saw my name engraved onto it. My next move was one that I had no plan or intention of carrying out- I quickly took off my hat, standing in front of the other students with my red hair. To my surprise, everyone started clapping!

From that day, I never wore a hat, and I was proud of my identity. I realised that I couldn't let others rule my personality. People started seeing me from a new perspective, and started to judge me not based on my hair, but based on my character. Even he came and congratulated me, and I'm sure he won't be bothering anyone for a long time! I decided to start using his real name, John, because I realised that if I didn't forgive him, I would be no better than him. All my spare time, I practise art, and I must thank Miss Emma for that!



**I am no longer 'Red'……..I am Scott Parlor.**

**PAULSE RAJI ANITHOTTAM**

**Year 8**



## ഓക്‌ലന്റിൽ അൽഫോൻസാമ്മയുടെ തിരുനാൾ ആഘോഷിച്ചു

സീറോമലബാർ സഭയുടെ അഭിമാന താരകവും ഭാരത കത്തോലിക്കാ സഭയിലെ ആദ്യത്തെ വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ ഓക്‌ലന്റിൽ ഭക്ത്യാദരപൂർവ്വം ആഘോഷിച്ചു. ജൂലൈ 28 ഞായറാഴ്ച എല്ലസ്ലി കാത്തലിക് പള്ളിയിൽ വച്ചാണ് ആഘോഷങ്ങൾ നടത്തപ്പെട്ടത്. വൈകിട്ട് 4.30-ന്, ഓക്‌ലന്റ് സീറോമലബാർ മിഷൻ ചാപ്ലിൻ ഫാ. ജോയി തോട്ടങ്കര അൽഫോൻസാമ്മയുടെ തിരുസ്വരൂപവും തിരുശേഷിപ്പും വെഞ്ചരിച്ച് ചടങ്ങുകൾ ആരംഭിച്ചു. തുടർന്ന് നടന്ന ആഘോഷമായ തിരുനാൾ പാട്ടു കുർബാനയിൽ അസിസ്റ്റന്റ് ചാപ്ളിൻ ഫാ. ജോബിൻ വന്യംപറമ്പിൽ മുഖ്യകാർമ്മികനായിരുന്നു. ഹിൽസ്ബറോ ഫ്രാൻസിസ്ക്കൻ റിട്രീറ്റ് സെന്ററിലെ ഫാ. ജയിംസ് കല്ലറക്കൽ, ഫാ. അരുൾ സ്വാമി ആരോക്യം എന്നിവർ സഹകാർമ്മികരായിരുന്നു. അൽഫോൻസാമ്മയുടെ സഹന ജീവിതമാതൃക പിൻചെന്ന് വിശുദ്ധിയിലേക്കുള്ള വഴിയിലൂടെ മുന്നേറുവാൻ ഫാ. ജോയി തന്റെ പ്രസംഗമദ്ധ്യേ ഉദ്ബോധിപ്പിച്ചു. കുർബാനയ്ക്കുശേഷം നൊവേനയും തുടർന്ന് അൽഫോൻസാമ്മയുടെ തിരുസ്വരൂപം വഹിച്ചുകൊണ്ടുള്ള ഭക്തിനിർഭരമായ പ്രദക്ഷിണവും നടത്തപ്പെട്ടു. പേപ്പൽ പതാക വഹിച്ച സൺഡേസ്കൂൾ കുട്ടികളും കത്തിച്ച മെഴുകുതിരികളും ഒപ്പം ജപമാലപ്രാർത്ഥനയും ചേർന്ന പ്രദക്ഷിണം വിശ്വാസികൾക്ക് മറക്കാനാവാത്ത അനുഭൂതിയാണ് സമ്മാനിച്ചത്. തുടർന്നു നടന്ന വിഭവസമൃദ്ധമായ സ്നേഹവിരുന്നിൽ 650-ഓളം പേർ പങ്കെടുത്തു. ട്രസ്റ്റി ടോമി ജോസഫ്, പാരീഷ് കൗൺസിൽ അംഗങ്ങൾ സൺഡേസ്കൂൾ അദ്ധ്യാപകർ, കുടുംബയൂണിറ്റ് ഭാരവാഹികൾ എന്നിവർ ആഘോഷങ്ങൾക്ക് നേതൃത്വം നൽകി.

തിരുനാൾ ആഘോഷങ്ങൾക്ക് മുൻപ് നടന്ന സൺഡേ സ്കൂൾ അർദ്ധവാർഷിക പരീക്ഷയിൽ 134 കുട്ടികൾ പങ്കെടുത്തു. അപ്പസ്തോലപ്രവർത്തനങ്ങളെ ആസ്പദമാക്കിയുള്ള, സൺഡേസ്കൂൾ ബൈബിൾ ക്വിസ് ഫൈനൽ റൗണ്ട് ഓഗസ്റ്റ് 11 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3.30-ന് നടത്തപ്പെട്ടു.



## ന്യൂസിലാന്റിൽ വിശ്വാസപരിശീലന ക്യാമ്പ്

ഓക്‌ലന്റ് സീറോമലബാർ സൺഡേ സ്കൂളിനെ ആഭിമുഖ്യത്തിൽ 1 മുതൽ 11 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് വേണ്ടി നടത്തിയ ശിശിരകാല വിശ്വാസ പരിശീലന ക്യാമ്പ് അത്യന്തം വിജയകരമായി പര്യവസാനിച്ചു. ജൂലൈ 15,16 തീയതികളിൽ എപ്സം കാത്തലിക് പള്ളിയിൽ വച്ചാണ് തുടർച്ചയായ 6-ാം വർഷം ഈ ക്യാമ്പ് നടത്തപ്പെട്ടത്. നൂറ്റിഇരുപതോളം കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. **''വിശ്വാസം ക്രിസ്തീയജീവിതത്തിന്റെ അടിസ്ഥാനം''** എന്ന മുഖ്യവിഷയത്തെ ആസ്പദമാക്കി ക്ലാസ്സുകളും ചർച്ചകളും സംഘടിപ്പിക്കപ്പെട്ടു. സീറോമലബാർ മിഷൻ ചാപ്ലിൻ ഫാ. ജോയി തോട്ടങ്കര, അസിസ്റ്റന്റ് ചാപ്ലിൻ ഫാ. ജോബിൻ വന്യംപറമ്പിൽ, ജോസ് ജോസഫ്, ടോമി ജോസഫ്, ലിസാ ജോൺസൺ, ലോട്ടസ് റെജി, മേരി സ്മിത എന്നിവർ ക്ലാസ്സുകൾ നയിച്ചു. ആക്ഷൻ സോങ്ങുകളും, വിവിധ മത്സരങ്ങളും, കളികളും ആക്ടിവിറ്റികളും കൊണ്ട് സമ്പന്നമായ ക്യാമ്പ് മുൻവർഷങ്ങളേക്കാൾ ഏറെ മികച്ചതായിരുന്നുവെന്ന് ക്യാമ്പിൽ പങ്കെടുത്ത മുഴുവൻ കുട്ടികളും ഏകസ്വരത്തിൽ അഭിപ്രായപ്പെട്ടു. റജി ചാക്കോ, ടീനാ തോമസ്, ഷാലി ക്ലമന്റ്, ലിജി ടോമി, റിയ കോശി, ജോമിനി ജോസ്, ലിയാൻ ജോൺസൺ എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി. രണ്ടു ദിവസങ്ങളിലായി നടത്തപ്പെട്ട വിവിധ മത്സരങ്ങളിൽ **ആൻജോസഫിന്റെ നേതൃത്വത്തിലുള്ള സെന്റ്തോമസ് ടീം ഒന്നാം സ്ഥാനം നേടി.** ക്യാമ്പിന്റെ വൻവിജയത്തിന് വഴിതെളിച്ച ഏവരേയും ഫാ. ജോയി അഭിനന്ദിച്ചു.

**റജി ചാക്കോ ആനിത്തോട്ടം**



നിറയും മിഴികൾ തളരുമ്പോൾ അരികിൽ തണലായ് പ്രിയ നേശു

ഇരുളിൽ പാദം ഇടറുമ്പോൾ ഒഴുകും സ്നേഹം നിറവോടെ

കടലിൻ നടുവിൽ ഈ ചെറുതോണി കാവൽ വിളക്കായ് എൻ നാഥാ

അഴലിൽ തുണയായ് എന്നെന്നും സുവിശേഷത്തിൻ നിറദീപം

വരമായ് ജപമായ് ഉയിരിൻ സ്വരമായ് യേശുവിൻ നാമം സാന്ത്വനമായ്

പുൽകുന്നെന്നും കരുണാമയനായ് അരികെ നിൽപ്പൂ പുഞ്ചിരിയായ്

അഗ്നിയിൽ മഴയായ് കുളിർ തൂകും, മുറിവിൽ സ്നേഹം പകർന്നേകും

ഇടയൻ എന്ന വഴിനടത്തും കൂപ്പും കൈയിൽ വരമേകും

ആഴച്ചുഴിയിൽ മുങ്ങുമ്പോൾ രക്ഷകനെന്നും താങ്ങാകും

സത്യമാർഗമായ് നിത്യജീവനായ് ആശ്രയമേകും, അലിവോടെ

**ഡോ. മേരി സ്മിത**

**God is Love**

God loved us so much,

That he gave his only son,

To redeem us from the slavery of sin.

He also gave our loving parents.

And our brothers and sisters.

He blessed us with numerous talents.

He gives us everything we need…

Because he loves us all the same.



**Manuel Tomy**

**Year 5**

## “കുഞ്ഞേ... നിൻ രോദനം കേൾക്കാതെ പോവുകയോ...”



കഴിഞ്ഞ കുറേ ആഴ്ചകളായി മലയാളക്കരയാകെ പ്രാർത്ഥനയുടെ തിരിനാളം കൊളുത്തി കണ്ണീരൊഴുക്കിയത് ഒരു പിഞ്ചുകുഞ്ഞിന്റെ ജീവനുവേണ്ടിയാണ്. പല അമ്മമാരും നെഞ്ചുപിളർന്ന വേദനയോടെ ആ കുഞ്ഞിനെയോർത്ത് തേങ്ങി. ആ കുഞ്ഞിനെ മാറോടണച്ച് അവന്റെ വേദനയിൽ പങ്കുചേരാനാഗ്രഹിക്കാത്ത അമ്മമാരുണ്ടാവില്ല. ജന്മം നൽകിയവർതന്നെ ആ കുരുന്നുപൂമൊട്ടിനെ തല്ലിച്ചതച്ചു. ആർക്കും പൊറുക്കാനാവാത്ത കൊടുംക്രൂരത. ആ കുഞ്ഞിനോടു കാട്ടിയവർ മനുഷ്യന്റെ നീതിപുസ്തകത്തിൽ ദയ അർഹിക്കുന്നില്ല. കാരണം പ്രപഞ്ചത്തിലെ പക്ഷിമൃഗാദികൾപോലും തന്റെ കുഞ്ഞുങ്ങളെ പരിപാലിക്കുന്നതുകാണുമ്പോൾ നിഷ്ഠൂരനായ മനുഷ്യാ... നിന്നെ ഉപമിക്കാൻ ദൈവസൃഷ്ടിയിൽ മറ്റൊരു നാമമില്ല. സ്വാർത്ഥലാഭത്തിനും സുഖഭോഗങ്ങൾക്കുംവേണ്ടി പാപം ചെയ്യുന്ന മനുഷ്യൻ അറിയുന്നില്ല അവനെതിരെ വരാനിരിക്കുന്ന കർത്താവിന്റെ കോപത്തെക്കുറിച്ച്. പഴയനിയമത്തിലൂടെ കണ്ണോടിക്കുമ്പോൾ ഇസ്രായേൽജനത്തിന്റെ തെറ്റുകൾക്ക് അവരെ ശിക്ഷിക്കുകയും പിന്നീട് പശ്ചാത്തപിച്ച് മടങ്ങിയെത്തുമ്പോൾ അവരോട് ക്ഷമിക്കുകയും ചെയ്യുന്ന ദൈവത്തെ നാം കാണുന്നു. വി. ഗ്രന്ഥത്തിൽ നാം വായിക്കുന്നു ‘‘പാപത്തിന്റെ ശമ്പളം മരണമാണെന്ന്’’. വീണ്ടും പ്രഭാഷകൻ 35:18-ൽ ഇങ്ങനെ പറയുന്നു: ‘‘നിർദ്ദയന്റെ അരക്കെട്ട് കർത്താവ് തകർക്കുകയും ജനതകളോട് പകരം വീട്ടുകയും ചെയ്യും.’’

സർവ്വചരാചരങ്ങൾക്ക് രൂപവും ഭാവവും, ജീവനും നൽകിയ ദൈവത്തിന്റെ സൃഷ്ടികളിൽ ഏതൊന്നിന്റെയും ശൈശവം എത്ര മനോഹരമാണ്. വിടരാൻ വെമ്പിനിൽക്കുന്ന പൂമൊട്ടുകൾ. പ്രഭാതത്തിന്റെ നനുത്ത കുളിർമ്മയുമായി കിഴക്കേ ചക്രവാളത്തിൽ തെളിയുന്ന ഉദയസൂര്യൻ. ജീവന്റെ ആദ്യചുവടുകൾ വയ്ക്കുന്ന ആടുമാടുകൾ. പല്ലില്ലാത്ത മോണകാട്ടി നിഷ്കളങ്കമായി പുഞ്ചിരി പൊഴിക്കുന്ന പിഞ്ചുകുഞ്ഞുങ്ങൾ. ആ കുഞ്ഞിക്കണ്ണുകളിലേക്ക് നോക്കുമ്പോൾ ദൈവം വസിക്കുന്ന ഓരോ മനസ്സിലും വാത്സല്യവും കരുണയും നിറയുന്നു. പക്ഷേ മനുഷ്യൻ പിശാചായി മാറുമ്പോൾ അവന്റെ കണ്ണുകളിൽ കാമവും ക്രൂരതയും നിറയുന്നു. നിഷ്കളങ്കരായ കുഞ്ഞുങ്ങളുടെ മുഖത്തെ ദിവ്യപ്രകാശം കാണാനോ അവരുടെ ദീനരോദനവും കേൾക്കാനോ കഴിയാത്തവിധം അവൻ അന്ധനും ബധിരനും ആയി മാറുന്നു. ഉദരഫലം കർത്താവിന്റെ ദാനമായിരിക്കെ അതിനെ ഇല്ലായ്മ ചെയ്യാൻ വെമ്പൽകൊള്ളുന്നവർ ആലോചിക്കേണ്ട ഒന്നുണ്ട്. തന്റെ ഉദരത്തിൽ രൂപം കൊണ്ട ജീവനെ സ്വന്തം സുഖത്തിനും സൗകര്യത്തിനുംവേണ്ടി കൊന്നുകളയുമ്പോൾ നിങ്ങൾ ചെയ്യുന്ന ക്രൂരതയ്ക്ക് എന്താണ് പേരിടേണ്ടത്. ഒന്നുകരയാൻപോലും ആകാതെ അമ്മയുടെ ഗർഭപാത്രം തന്നെ അവർക്ക് മരണംവിതയ്ക്കുമ്പോൾ മാതൃത്വമെന്ന പദവിയുടെ പാവനത കളങ്കപ്പെടുന്നു. ഓരോ കുഞ്ഞും ദൈവത്തിന്റെ പൊന്നോമനയാണ്. പീഡിപ്പിക്കപ്പെടുന്ന ഓരോ കുഞ്ഞിന്റെയും രോദനം മേഘങ്ങൾ തുളച്ച് കർത്തൃസന്നിധിയിലെത്തും. അപ്പോൾ അവിടുത്തേക്ക് സ്വസ്ഥനായി ഇരിക്കാൻ കഴിയുകയില്ല. വി.മർക്കോസിന്റെ സുവിശേഷം 10-ാം അദ്ധ്യായത്തിൽ പറയുന്നു: ‘‘ശിശുക്കൾ എന്റെ അടുക്കൽ വരാൻ അനുവദിക്കുവിൻ. അവരെ തടയരുത്. എന്തെന്നാൽ സ്വർഗ്ഗരാജ്യം അവരെപ്പോലുള്ളവരുടേതാണ്’’

കുഞ്ഞേ... നിന്റെ കാലുകൾ അവർ തല്ലിയൊടിച്ചപ്പോൾ നിന്റെ ശരീരത്തിൽ മുറിവുകളേൽപ്പിച്ച് നിന്റെ ശത്രുക്കൾ രസിച്ചപ്പോൾ വിശന്നുകരഞ്ഞ നിനക്ക് ആഹാരം തരാതെ പട്ടിണിക്കിട്ട് പീഡിപ്പിച്ചപ്പോൾ അവർ വേദനിപ്പിച്ചത് നിന്റെ സൃഷ്ടാവായ ദൈവത്തെയാണ്. നിന്റെ ഓരോ രോദനങ്ങളും കൂരമ്പായി തറഞ്ഞുകയറിയത് ഈശോയുടെ തിരുഹൃദയത്തിലാണ്. നിന്റെ സഹനം മറ്റുപലരെയും വിശുദ്ധീകരിക്കുമ്പോൾ നീ ദൈവത്തിന്റെ കണ്ണിലുണ്ണിയായി മാറും. നിന്റെ ഉറക്കത്തിൽ താരാട്ടുപാടാൻ മാലാഖവൃന്ദങ്ങളെ അവിടുന്ന് അയയ്ക്കും. നിന്റെ മുറിവുകൾ ദിവ്യനാഥൻ തൊട്ടുസൗഖ്യപ്പെടുത്തും. നീചരായ മനുഷ്യർ നിന്നോട് കാണിച്ച ക്രൂരതകൾക്ക് നിന്റെ സൃഷ്ടാവായ ദൈവം മാപ്പുനൽകട്ടെ. മറ്റാർക്കും നിന്നെ വേണ്ടെങ്കിലും നിന്നെ സ്നേഹംകൊണ്ട് വാരിപ്പുണരാൻ ഈശോനാഥനുണ്ട്. മനുഷ്യന്റെ ക്രൂരതകണ്ട് കണ്ണീർവാർക്കുന്ന പരിശുദ്ധ അമ്മയോട് നമുക്കോരോരുത്തർക്കും പ്രാർത്ഥിക്കാം. ലോകമെങ്ങുമുള്ള കുഞ്ഞുങ്ങൾക്കായ് നൈർമ്മല്യത്തിന്റെ മലർവാടിയിൽ ഓരോ കുഞ്ഞുങ്ങളും ഓടിക്കളിക്കട്ടെ. സ്നേഹത്തിന്റെ പൂന്തോപ്പിൽ ദീനരോദനങ്ങൾ ഇനിയും ഉയരാതിരിക്കട്ടെ.

**ടെസി ജോജി നാഗപ്പുഴ**



യോഹന്നാന്റെ സുവിശേഷത്തിൽ നഥാനയേലും യേശുവുമായുള്ള കൂടിക്കാഴ്ചയും നഥാനയേലിന്റെ ഏറ്റുപറച്ചിലും തുടർന്ന് യേശുവിനെ അവൻ പിൻചെല്ലുന്നതും നാം വായിക്കുന്നു.

എന്തുകൊണ്ടാണ് യേശു നഥാനയേലിന്റെ നിഷ്കളങ്കതെ എടുത്തുപറയുന്നത്. എന്താണ് ഇവിടെ അത്തിമരച്ചുവടിന്റെ പ്രസക്തി. മരച്ചുവട്ടിൽ ഇരുന്നുള്ള ധ്യാനം ഒരുതരത്തിൽപറഞ്ഞാൽ മനുഷ്യന്റെ ദൈവാന്വേഷണത്വരയാണ്. അതെ ആദിമാതാപിതാക്കൾക്ക് ഏദൻതോട്ടത്തിലെ ആ പഴയ മരച്ചുവട്ടിൽവച്ച് നഷ്ടപ്പെട്ട ദൈവസാന്നിധ്യം (ഉൽപത്തി 3:6). യുഗങ്ങളും തലമുറകളും കഴിഞ്ഞിട്ടും മനുഷ്യൻ അതെ മരച്ചുവട്ടിൽ പോയി അന്വേഷിക്കുന്നു. നമ്മുടെ ആർഷഭാരതത്തിലും ഇതുപോലെ മരച്ചുവട്ടിൽ ഇരുന്നു ധ്യാനിക്കുന്ന ഋഷിശരന്മാരെ കാണുവാൻ സാധിക്കുന്നു. ദൈവത്തെത്തേടിയുള്ള മനുഷ്യന്റെ പ്രാർത്ഥനകളും, പരിശ്രമങ്ങളും, മനുഷ്യന്റെ ദൈവാന്വേഷണ കഥകൾ. മനുഷ്യന്റെ ദൈവാന്വേഷണത്തിന് ഒരിക്കലും ദൈവത്തെ എത്തിപ്പിടിക്കുവാൻ സാധിക്കുകയില്ല. നമ്മൾ ഭൂമിയിൽ നിന്നുള്ളവരാണ് (യോഹ. 3:31). എന്നാൽ ദൈവം തന്നെ സ്വയം വെളിപ്പെടുത്തുമ്പോഴാണ് നമുക്ക് അവിടുത്തെ ദർശിക്കാൻ സാധിക്കുന്നത്. ഈശോയുടെ ജ്ഞാനസ്നാനവേളയിൽ ദൈവംതന്നെ തന്നെ പൂർണ്ണമായി വെളിപ്പെടുത്തുന്നു. വി. മത്തായിയുടെ സുവിശേഷത്തിൽ നാം ഇപ്രകാരം വായിക്കുന്നു. സ്നാനം കഴിഞ്ഞ ഉടൻ യേശു വെള്ളത്തിൽനിന്നുകയറി ''അപ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ടു'' (മത്തായി 3:16). ത്രിത്വം പൂർണ്ണമായും വെളിപ്പെടുത്തുന്നു. ശബ്ദമായി പിതാവും, പ്രാവിന്റെ രൂപത്തിൽ പരിശുദ്ധാത്മാവും ത്രിത്വത്തിലെ രണ്ടാമനായ പുത്രൻ മാംസംധരിച്ച് മനുഷ്യനായി ഭൂമിയിലും.

ക്രിസ്തുവിലൂടെ മാനവരാശിക്കു മുഴുവനായും ദൈവം വെളിപ്പെടുത്തുന്നു. ചുരുക്കത്തിൽ ഭൂമിയുടെ വിവിധ ഭാഗങ്ങളിൽ മനുഷ്യർ തന്റെ സൃഷ്ടാവിനെ തേടിയുള്ള അലച്ചിലുകളും പ്രാർത്ഥനകളും ധ്യാനങ്ങളും തപസ്സുകളും നടത്തുന്നു. എന്നാൽ ഇവിടെ സൃഷ്ടാവ് തന്നെ സ്വയം വെളിപ്പെടുത്തുന്നു. എല്ലാ ജാതി മനുഷ്യരിലുമുള്ള ഈ ദൈവാന്വേഷണത്വരയെ നാം സ്നേഹത്തോടുകൂടി വേണം കാണുവാൻ. 1965-ലെ പോൾ ആറാമൻ മാർപ്പാപ്പയുടെ **Relation of the Church to non-Christian religious** എന്ന പ്രമാണരേഖയിലൂടെ ഇപ്രകാരം പറയുന്നു. എല്ലാ മതങ്ങളിലും സത്യത്തിന്റെ കിരണങ്ങൾ ഉണ്ട്. **Reflect a ray of Truth which enlightens all men, Indeed she proclaim Christ the way, the truth, and the life (John 14:6) in whom we may find the fullness of religious life, in whom God has reconciled all thing to Himself**. അതെ, ക്രിസ്തു പ്രകാശകിരണമല്ല, പരിപൂർണ്ണപ്രകാശംതന്നെയായി (യോഹ. 8:12) ഭൂമിയിലേക്ക് വരുന്നു. നമ്മെ സത്യത്തിന്റെയും പ്രകാശത്തിന്റെയും പാതയിൽ നടത്തുവാൻ. നഥാനയേൽ അത്തിമരത്തിന്റെ ചുവട്ടിൽ ഇരുന്നു ധ്യാനിച്ച ദൈവം, മറ്റനേകംപേർ മരച്ചുവടുകളിലും മറ്റും ഇരുന്നു ധ്യാനിച്ചിരുന്ന ദൈവം ഇതാ ദാസന്റെ രൂപം ധരിച്ച് വിനീതനായി മനുഷ്യന്റെ മുൻപിൽവന്ന് നിൽക്കുന്നു. പ്രവാചകഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടുള്ള യേശുവിനെ ഞങ്ങൾ കണ്ടു എന്ന് പീലിപ്പോസ് നഥാനയേലിനോട് പറഞ്ഞപ്പോൾ, നസറത്തിൽനിന്ന് എന്തെങ്കിലും നന്മ ഉണ്ടാകുമോ എന്ന് അവൻ മറുപടി പറഞ്ഞിട്ടുപോലും അവനെ ഒരുതരത്തിലും കുറ്റപ്പെടുത്താതെ അവന്റെ നിഷ്കളങ്കതയെ പ്രശംസിച്ച് തന്റെ ശിഷ്യനാക്കുന്ന ഈശോ മറ്റൊരു അവസരത്തിൽ നട്ടുച്ചയ്ക്ക് കിണറ്റിൽകരയിൽച്ചെന്ന് സമരിയാക്കാരി സ്ത്രീയോട് കുടിക്കുവാൻ വെള്ളം ചോദിക്കുന്നു. ഒരു ദൈവാന്വേഷണചിന്ത അവളിലും ഉള്ളതായി യോഹന്നാൻ 4:25 ലൂടെ നമുക്ക് മനസ്സിലാക്കാൻ സാധിക്കും. അവിടെ അവർ ഈശോയോട് ഇങ്ങനെ പറയുന്നു. മിശിഹാ-ക്രിസ്തു-വരുമെന്ന് എനിക്കറിയാം. അവൻ വരുമ്പോൾ എല്ലാ കാര്യങ്ങളും ഞങ്ങളെ അറിയിക്കും എന്നും.

നമ്മുടെ പാപജലമാണ് അവിടുത്തേയ്ക്ക് കുടിക്കുവാൻ വേണ്ടത്. ക്രിസ്തു ഇന്നും വ്യക്തിപരമായി നമ്മൾ ഓരോരുത്തരുടെയും മുൻപിൽവന്ന്, അന്ന് ആദിമാതാപിതാക്കൾക്ക് മരച്ചുവട്ടിൽ വച്ച് നഷ്ടപ്പെട്ട പറുദീസാ തിരിച്ചുതരുവാൻ നിൽക്കുന്നു. അതെ, അവിടുന്ന് നമ്മുടെ ഉള്ളിൽ വസിക്കുന്നു. കാരണം, അവൻ ഇമ്മാനുവേലാകുന്നു - ദൈവം നമ്മോടുകൂടെ (മത്താ. 1:23). പ്രത്യേകിച്ച് വി. കുർബാനയിലൂടെ തിരുശരീരരക്തങ്ങളായി ഉയിർപ്പിന്റെ ശക്തിയായി സ്വയം അവൻ നമുക്ക് പ്രത്യക്ഷികരിക്കുന്നു.

അതുകൊണ്ട് പരിശുദ്ധഅമ്മയെപ്പോലെ ദൈവഹിതത്തിന് നമുക്ക് സ്വയം സമർപ്പിക്കാം. നഥാനയേലിനെപ്പോലെ നിഷ്കളങ്കതയോടെ അവന്റെ മുൻപിൽ നമുക്കണയാം കാരണം അവൻ നമ്മുടെ സമാധാനമാണ് (എഫേ. 2:14). അങ്ങനെ ഏതുതരം പ്രത്യാശയിലേക്കാണ് അവിടുന്ന് നമ്മെ വിളിച്ചിരിക്കുന്നതെന്ന് അറിയുവാനും വിശുദ്ധർക്ക് അവകാശമായി അവിടുന്ന് വാഗ്ദാനം ചെയ്തിരിക്കുന്ന മഹത്വത്തിന്റെ സമൃദ്ധി മനസ്സിലാക്കുവാനും നമ്മുടെ ആന്തരികനയനങ്ങൾ പ്രകാശിക്കട്ടെ (എഫേ. 1:28).

അപ്പോൾ നമ്മുടെ എല്ലാ ധാരണകളേയും അതിലംഘിക്കുന്ന ദൈവത്തിന്റെ സമാധാനം നമ്മുടെ ഹൃദയങ്ങളേയും ചിന്തകളേയും യേശുക്രിസ്തുവിൽ കാത്തുകൊള്ളും (ഫിലിപ്പി 4:7).

**ബിജു എം. ജോർജ്**

# God's Family: The Pauls





**This issue Team Rainbow presents to you "The Pauls"; Mr Paul Joseph, his wife Gracy Paul and their two children: Mary and Tom**.

The Pauls have been an integral part of the Syro Malabar Catholic Mission right from its days of inception in New Zealand in 2007, working zealously for the welfare and growth of the Mission in New Zealand. In the early formative years of the Mission, "Paulettan" as he is fondly called by the parishioners along with Gracy chechi went from house to house for membership campaigns and direct debits. He was the convener of the First Annual Feast of the Church and also the trustee for the last three years.

Their daughter "Mary" is a catechism teacher for year 1. "Mary chechi" as she is called by her students can be seen cuddling and hugging the little ones and doing an incredible job of managing perhaps, the most difficult class of tiny toddlers.

**Hats off to this family for their selfless contributions to the parish!.**

Let it serve as an inspiration for all of us.

I was born and brought up in New Delhi. I studied in DTEA School and Graduated from Delhi University. Thereafter worked with UNICEF and Godrej Group of companies. Got married in 1989 to Gracy.  God blessed us with two children, my daughter Mary and my Son Tom.

During 2002 we were planning to venture out of India, and finally decided to move to New Zealand.  One beautiful morning in August 2002 we arrived in Auckland with the grace of God. We settled down in Papatoetoe, at that time we could hardly see few Indians. My wife got Job in Middlemore hospital and after few months I got a Job in NZ Post, later on got another Job in Woolworths as Deputy Store Manager. After few years I resigned from the Job due to health conditions.

Rev Fr. Alex Viruthukulangara came to New Zealand in 2007 year end to lead the Syro Malabar catholic Mission.  Fr Alex got a parish in 2008 in Ponsonby, the following year in 2009 we moved to Mt Wellington Church and I was elected and parish council member. **I and my wife Gracy went to each and every house for membership campaign and direct debits. Had the opportunity to serve as convener in the first Annual feast and continued to be the trustee of the parish for the last three years.**

God gave me this opportunity to serve the parish and community, which I am really grateful. Right now it is so nice to see that the church is growing under the guidance of Rev.Fr .Joy Thottamkara, with the direct participation of parish council members and parishioners. I am proud to say that we could uphold our cultural and religious values in this foreign land.

“Praise the Lord”.

Praise the Lord, O my soul.

I will praise the Lord all my life;

I will sing praise to my God as long as I live. [Psalm 146]

**Paul Joseph**

This issue of the Bible Quiz focuses on **Exodus**

Sunday School Students are encouraged to send in their answers at the earliest as prizes will be given to the first three winners.

The winners of the last Bible Quiz are : Blaze Mariya Biju, Leon Biju and Lilia Babu.

## Congratulations to all the winners!

### Kindly read the instructions before attempting.

- Only Sunday School Children are eligible to participate.
- Answers should be sent to rainbowsmcm@gmail.com on or before 15th September 2013.
- All answers should be based on the Catholic Edition of the Bible.
- Prizes will be given to the first three winners.

### Questions

1. The land where Moses settled after fleeing from the Pharaoh for killing an Egyptian ____________.
2. Moses father-in-law was __________________.
3. The person chosen to speak for Moses before the Pharaoh to free the Israelites ______________.
4. The first plague sent to Egypt _____________.
5. The name of Aaron's sister who sang and danced after the Pharoah and his army drowned in the Red Sea _________ .
6. The place where the Ten Commandments were given to Moses ___________ .
7. The people chosen to serve as priests among the Israelites________________.
8. Bezalel belonging to the tribe of ______________ was gifted with the skill and intelligence for artistic work.
9. The day on which the tabernacle of the tent of meeting was to be set up _______________.
10. The two stone tablets of the covenant were written with the ________________.

**TEAM RAINBOW**

***Good Luck to all the participants.***

***TEAM RAINBOW***



St. Alphonsa Feast Day Celebrations



On the occasion of Fathers' Day Celebrations of the Parish

## *Palli Perunnal " Parish Feast": Sunday, 13th October 2013*




*The Annual Parish Feast Celebrations will be held on October 13th 2013. As a fore-runner to the feast, there will be 10 days of solemn novena and rosary to Mother Mary, followed by the Holy Mass, starting from 2nd October to 11th October 2013. The novenas on each day will be conducted by the individual Family Units of the Parish. The main celebrant of the Holy Mass on the Feast Day will be Rev Bishop Peter Brown CSsR, the newly appointed Bishop of American Samoa.*

*Come and take active part and receive the blessings of Mother Mary!*

## *Rainbow: Express, Exchange and be Informed of a Christian Way of Life !*



*Send your articles to rainbowsmcm@gmail.com*

**The Vision of the SM Mission**

*"We, the Syro-Malabar Catholic Mission New Zealand, take every step to live our Christian Vocation as handed over to us through St. Thomas, the Apostle of Jesus Christ, with its own particular characteristics expressed in worship, spirituality, theology and disciplinary laws, to unite all the Syro-Malabar faithful in New Zealand under the hierarchical order of the Syro-Malabar Community and handover the same faith and tradition to our children"*

**Printed and published by SMCM Auckland, Immaculate Conception Parish, 66 Main Highway, Ellerslie, Auckland www.asmcm.org Tel: 6303956 Email: smchaplainnz@gmail.com, Mobile: 0226977207. Pvt Circulation**